# ബജറ്റ് പ്രസംഗം 2011-2012

സമാരാധ്യനായ മേയർ, ബഹുമാന്യരായ സഭാംഗങ്ങളെ, ഉദ്യോഗസ്ഥരെ, മാധ്യമ പ്രതിനിധികളെ, സുഹൃത്തുക്കളെ,

വികസനത്തിന്റെ നെറുകയിൽ നിൽക്കുന്ന ഏതു രാജ്യാന്തര നഗരങ്ങളോടും കിടപിടിക്കുന്ന രീതിയിലുള്ള വളർച്ചയ്ക്ക് ഇന്ന് കൊച്ചി നഗരം സാക്ഷ്യംവഹിക്കുകയാണ്. ഈ നിർണ്ണായക ഘട്ടത്തിൽ ഈ നഗരത്തിന്റെ ഭരണ സാരഥ്യം വൻഭൂരിപക്ഷത്തോടെ ഐക്യജനാധിപത്യ മുന്നണിയെ ഏൽപ്പിച്ച കൊച്ചിയുടെ പ്രബുദ്ധരായ ജനതക്ക് അഭിവാദ്യങ്ങളും ഹൃദയം നിറഞ്ഞ നന്ദിയും ആദ്യമായി രേഖപ്പെടുത്തട്ടെ.

ഇതൊരു ചരിത്രമുഹൂർത്തമാണ്. ജീർണ്ണിച്ച പ്രത്യയ ശാസ്ത്രങ്ങളുടെ തടവറയിൽ നിന്ന് മോചിതരായി വികസനത്തിന്റേയും, മാറ്റത്തിന്റേയും പുതിയൊരു പ്രത്യയശാസ്ത്രത്തിനുവേണ്ടിയുള്ള ജനങ്ങളുടെ ആവേശമാണ് കഴിഞ്ഞ നഗരസഭാ തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചത്.

ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് ഉയർന്ന് അവരുടെ മനസ്സറിഞ്ഞ് വരും നാളുകളിൽ ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ ഈ ഭരണ സമിതി പ്രതിജ്ഞാബദ്ധമാണെന്ന് ഈ അവസരത്തിൽ ഞങ്ങൾ ഉറപ്പ് തരികയാണ്.

30 വർഷത്തിലേറെ നീണ്ടുനിന്നൊരു രാഷ്ട്രീയ സംവിധാനത്തിന്റെ കുത്തക അവസാനിപ്പിച്ച് നഗരവാസികൾ വൻ ഭൂരിപക്ഷത്തോടെ അവസരം നല്കിയതിന്റെ അർത്ഥവും വ്യാപ്തിയും എന്തെന്ന് ഉത്തമബോദ്ധ്യമുണ്ട്. സങ്കീർണ്ണമായ നഗരവികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ കാഴ്ചപ്പാട് നഗരസഭ അംഗങ്ങളിൽനിന്ന് കക്ഷി രാഷ്ട്രീയ

ഭേദമെന്യേ ഉണ്ടായേ മതിയാവൂ. കർമ്മോന്മുഖമായ നാളെ ഇതാണ് ഈ നഗരത്തിന് വരും നാളുകളിൽ ആവശ്യം. അതിനുവേണ്ടി നമുക്ക് ഒറ്റക്കെട്ടായി മുന്നോട്ടിറങ്ങാം.

പുതിയ ഭരണസമിതി ആദ്യപാഠം തുടങ്ങുന്നതേയുള്ളൂവെങ്കിലും മുൻകാലപ്രവർത്തനങ്ങളെ വിലയിരുത്തി നഗരസഭയിലെ എല്ലാ അംഗങ്ങളുടെയും വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും സഹകരണത്തോടെ വികസനത്തിന്റെ പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ കൗൺസിൽ തയ്യാറെടുത്തുകഴിഞ്ഞു. പഴയകാല പ്രതാപത്തിൽ ഊറ്റംകൊണ്ട് മയങ്ങിയിരിക്കാൻ ഇനി കൊച്ചിനഗരത്തിന് കഴിയുകയില്ല എന്ന ഉൾക്കാഴ്ചയും തിരിച്ചറിവും പുതിയ നഗരസഭാ നേതൃത്വത്തിനുണ്ടെന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു.

കേരളത്തിന്റെ മുഴുവൻ സാമ്പത്തിക വ്യവസ്ഥിതിക്ക് തുടിപ്പുണ്ടാക്കിയത് കൊച്ചി നഗരമാണെന്ന് ചരിത്രം സമ്മതിക്കുന്ന കാര്യമാണ്. കൊച്ചിയിലെ തുറമുഖമാണ് കേരളത്തെ സമ്പന്നമാക്കിയത്. ഇന്നും തുറമുഖനഗരം എന്ന പേരിലാണ് കൊച്ചി അറിയപ്പെടുന്നത്. ഈ 21-ാം നൂറ്റാണ്ടിലാണ് ഈ തുറമുഖനഗരം അതിന്റെ എല്ലാ അർത്ഥത്തിലും ലോകത്തിലെ ഏതൊരു വലിയ തുറമുഖനഗരത്തോടും കിടപിടിക്കുന്ന ഒന്നായി മാറുന്നത്. വല്ലാർപാടത്തെ ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ഇതിന്റെ ഒരു തുടക്കം മാത്രമാണ്. LNG ടെർമിനൽ, മെറീന, സ്മാർട്ട്സിറ്റി, സെസ്സ്, ദേശീയ ജലപാത തുടങ്ങിയ നിരവധി പുതിയ സംരംഭങ്ങൾ ഇതിന്റെ അനുബന്ധമെന്നോണം അതിവേഗം യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്.

ഈ വലിയമാറ്റങ്ങൾക്ക് കളമൊരുക്കുന്നതിന് കൊച്ചിനഗരം സർവ്വഥാ സന്നദ്ധമായില്ലെങ്കിൽ ചരിത്രം ഈ നഗരഭരണാധികാരികളെ പഴിപറയും എന്ന കാര്യത്തിൽ സംശയമേ വേണ്ട. ആ മാറ്റങ്ങൾക്ക് സന്നദ്ധമാകുമ്പോൾ വികസനകാര്യത്തിൽ ഒരു രാഷ്ട്രീയവും വേണ്ട എന്ന ദൃഢനിലപാട് ആവശ്യമായി വരും. തീർച്ചയായും ജനപങ്കാളിത്തത്തോടുകൂടി ഈ വലിയ മാറ്റത്തിന് പതാകവാഹകരാകുവാൻ കൊച്ചിനഗരസഭയ്ക്ക് കഴിയും, കഴിയണം എന്ന കാഴ്ചപ്പാടോടുകൂടിയാണ് ഈ വർഷത്തെ ബഡ്ജറ്റ് നിങ്ങളുടെ മുന്നിൽ സവിനയം അവതരിപ്പിക്കുന്നത്.

'പുതിയ കൊച്ചി അതിലൂടെ പുതിയ കേരളം'. എവിടെയും കൊച്ചി ആദ്യം കൊച്ചി - എന്ന കാഴ്ചപ്പാട് ജനങ്ങളിൽ സൃഷ്ടിച്ചെടുക്കുവാൻ നമുക്ക് ഒന്നുചേർന്ന് കഴിയുമെങ്കിൽ അറബിക്കടലിന്റെ റാണിക്ക് പുതിയൊരു യൗവ്വനം കൈവരും എന്നതാണ് യാഥാർത്ഥ്യം. ഏറെ അവകാശവാദങ്ങളില്ല എന്നാലും പറയുന്ന കാര്യങ്ങൾ സത്യസന്ധമായി നടപ്പിലാക്കുക എന്നതാണ് ഞങ്ങളുടെ ഉദ്ദേശവും ലക്ഷ്യവും.

## 2010-11 ലെ പുതുക്കിയ ബജറ്റും 2011-2012 ലെ ബജറ്റ് നിർദ്ദേശവും

2010-11 കാലയളവിലെ 519,89,39,787/- രൂപ വരവും 493,84,67,220/- രൂപ ചെലവും 19,04,54,567/- രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന പുതുക്കിയ ബജറ്റും,

2011-2012 കാലയളവിലെ 864,60,63,767/- രൂപ വരവും 841,23,75,820/- രൂപ ചെലവും 15,23,16,907/- രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റ് എസ്റ്റിമേറ്റ് കൗൺസിലിന്റെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

## ഇ. ഗവേണൻസ് (കമ്പ്യൂട്ടർവൽക്കരണം)

വിവരസാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തി കൊച്ചിയുടെ വികസനത്തിന് ആക്കം കൂട്ടുക എന്നത് ഈ ഭരണസമിതിയുടെ മുഖ്യ ലക്ഷ്യങ്ങളിലൊന്നാണ്. 21-ാം നൂറ്റാണ്ടിന്റെ വെല്ലുവിളികൾ സ്വീകരിച്ചുകൊണ്ട് കൊച്ചിനഗരത്തെ വളരുന്ന ഭാരതത്തോടൊപ്പം ചുവടുവയ്ക്കുവാൻ എല്ലാ മേഖലകളിലും ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ നമ്മുടെ ജനങ്ങൾക്ക് പ്രാപ്യമാക്കും. പലതുകൊണ്ടും രാജ്യത്തിന്റെ മുന്നിൽ നിന്നിരുന്ന കൊച്ചിനഗരം ഭരണരംഗത്തും, സേവനരംഗത്തും മറ്റ് ഇന്ത്യയിലെ നഗരസഭകൾ ആവേശപൂർവ്വം ഏറ്റു വാങ്ങിയ കംപ്യൂട്ടർ അധിഷ്ഠിത വിപ്ലവം കണ്ടില്ലെന്നു നടിച്ചതിനാൽ പിന്നിലായിപ്പോയി. നഗരസഭയിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾക്കായി ആയിരക്കണക്കിനു പൗരന്മാർ നമ്മുടെ വിവിധ ഓഫീസുകളിൽ ദിവസേന കയറിയിറങ്ങി പ്രയാസപ്പെടുകയാണ്. ഏറെ പരാതികൾക്കും അഴിമതികൾക്കും തെറ്റിദ്ധാരണകൾക്കും ഇടവരുത്തുന്നതുമായ ഈ ദുരവസ്ഥയ്ക്ക് ഇ-ഗവേണൻസ് നിലവിൽ വരുന്നതോടുകൂടി ശാശ്വതമായ പരിഹാരമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കൊച്ചിനഗരസഭപോലെ വിപുലമായ അടിസ്ഥാനസൗകര്യങ്ങളും സേവനങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കുന്ന ഒരു ഭരണസിരാകേന്ദ്രത്തിന് കംപ്യൂട്ടർവൽക്കരണം അനിവാര്യമാണെന്ന് രണ്ട് പതിറ്റാണ്ടുമുമ്പുതന്നെ തിരിച്ചറിഞ്ഞെങ്കിലും ഇന്നേവരെ അതിനു കഴിഞ്ഞില്ല എന്നത് ഏറെ വേദനജനകമാണ്. ആദ്യം കെൽട്രോണിനെയും പിന്നീട് Information Kerala Mission നെയും നാം നഗരസഭയുടെ മൊത്തം കംപ്യൂട്ടർവൽക്കരണ ചുമതല ഏല്പിക്കുകയുണ്ടായി. കോടിക്കണക്കിന് രൂപയും നൂറുകണക്കിന് കംപ്യൂട്ടറുകളും പല ഘട്ടങ്ങളായി ഇവർവഴി നഗരസഭയിൽ സ്ഥാപിച്ചെങ്കിലും കുറച്ചുമേഖലകൾ മാത്രമേ നമുക്ക് കംപ്യൂട്ടർവൽക്കരിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. കേന്ദ്രഗവൺമെന്റിന്റെ നാഷണൽ ഇ-ഗവേണൻസ് പ്രോഗ്രാമിൽ കേരളത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഏകനഗരമാണ് കൊച്ചി. നഗരസഭയുടെ സമസ്തമേഖലയിലെ പ്രവർത്തനങ്ങളും കംപ്യൂട്ടർവൽക്കരിക്കുന്നതിനുള്ള ഇ-ഗവേണൻസ് പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് (DPR) റിപ്പോർട്ട് തയ്യാറാക്കുവാനുള്ള ചുമതല കൗൺസിൽ വിപ്രോയെയാണ് ഏല്പിച്ചത്. വിപ്രോ തയ്യാറാക്കിത്തന്ന DPR കൗൺസിൽ അംഗീകാരത്തോടെ ടെൻഡർ ചെയ്യുകയും ആയതിൽ ഏറ്റവും കുറഞ്ഞ നിരക്ക് കോട്ടുചെയ്ത് ടാറ്റ കൺസൽട്ടൻസി സർവ്വീസാണ്. ആയത് അംഗീകാരത്തിനായി ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള Empowered Committee യുടെ അംഗീകാരം ലഭിച്ചു കഴിഞ്ഞു. ഈ പരിപാടി നടപ്പിലാകുന്നതോടെ നഗരസഭയുമായി ബന്ധപ്പെട്ട് എല്ലാ സർട്ടിഫിക്കറ്റുകളും, സേവനങ്ങളും അന്വേഷണങ്ങളും കരം അടക്കുന്നതും ബിൽഡിംഗ് പ്ലാൻ, File Tracking എന്നിവയും ഓൺ ലൈനിലൂടെ സാദ്ധ്യമാകും. സാമ്പത്തിക, ഭരണ സംവിധാനങ്ങളുടെ സമസ്ത മേഖലകളും ഇതിലൂടെ സുതാര്യമാകുകയും ചിട്ടയും അച്ചടക്കവും നിലവിൽ വരികയും ചെയ്യും. ഈ ആധുനിക സംവിധാനങ്ങൾ നിലവിൽ വരുന്നതോടെ ഉദ്യോഗസ്ഥരെയും, ജനപ്രതിനിധികളെയും ഇവ കൈകാര്യം ചെയ്യുവാൻ പ്രാപ്തരാക്കുന്നതിനുള്ള നടപടി ഈ വർഷംതന്നെ നടപ്പിലാക്കും.

**Geographic Information System (GIS)**

ഈ സംവിധാനംവഴി നമ്മുടെ നഗരത്തിലെ എല്ലാ വീടുകളുടേയും, റോഡുകളുടേയും, എല്ലാ സേവനസംവിധാനങ്ങളുടെയും പൂർണ്ണവിവരങ്ങൾ കംപ്യൂട്ടറിലൂടെ അനായാസമായി

ലഭ്യമാക്കുവാൻ കഴിയും. KSUDP പദ്ധതിക്കു കീഴിൽ ഇതു നടപ്പിലാക്കുവാൻ ഏജൻസിയെ ചുമതലപ്പെടുത്തുകയും 2 വാർഡുകളിലെ മാപ്പിങ്ങ് പൂർത്തിയാക്കിയെങ്കിലും അവയുടെ നിലവാരം തൃപ്തികരമല്ലെന്നു പറഞ്ഞ് സംസ്ഥാന എംപവേർഡ് കമ്മറ്റി കരാർ റദ്ദാക്കിയിരിക്കുകയാണ്. ഇത് പുതുതായി ടെൻഡർ ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കും.

**ബിൽഡിംഗ് പ്ലാൻ ഓൺലൈൻ സംവിധാനം**

ഇപ്പോൾ കെട്ടിടനിർമ്മാണ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുവാനുള്ള സംവിധാനം നഗരസഭയുടെ സെൻട്രൽ സോണിൽ മാത്രമാണ് നിലവിലുള്ളത്. 200 $M^2$ നു മേലുള്ള പ്ലാൻ സമർപ്പിക്കുന്നതിന് മാത്രമാണ് ഈ സൗകര്യം ഇപ്പോഴുള്ളത്. ഉടൻതന്നെ ഈ സൗകര്യം എറണാകുളത്തെ ഇടപ്പള്ളി, വൈറ്റില മേഖലകളിലേക്കുകൂടി വ്യാപിപ്പിക്കുകയും ഈ സാമ്പത്തികവർഷംതന്നെ ഫോർട്ടുകൊച്ചി, പള്ളുരുത്തി മേഖലകളിലും നടപ്പിൽ വരുത്തുന്നതുമാണ്. ക്രമേണ എല്ലാ പ്ലാനുകളും ഓൺലൈനായി സ്വീകരിക്കുവാനും അംഗീകാരം നല്കുവാനും നടപടി സ്വീകരിക്കും.

**തെരുവുവിളക്കുകൾക്ക് ആധുനിക സംവിധാനം**

നിലവിൽ നഗരസഭയുടെ ഇരുമേഖലകളിലും രണ്ടു കരാറുകാർ വൈദ്യുതി വിളക്കുകളുടെ പരിപാലനം നടത്തിവരികയായിരുന്നു. പടിഞ്ഞാറൻ മേഖലയിൽ ഉള്ള മൊത്തം വഴിവിളക്കുകൾ ഒരു ഏജൻസിക്ക് ടെണ്ടർ ഉറപ്പിച്ച് തുക നിശ്ചയിച്ചും കിഴക്കൻ മേഖലയിൽ മൊത്തം വിളക്കുകാലുകളിൽ പരസ്യം വയ്ക്കുവാനുമുള്ള അവകാശം നല്കിയും കരാറുകാരൻ പകരമായി എല്ലാവിളക്കുകളും പരിപാലിക്കുകയും നഗരസഭയ്ക്ക് ടെണ്ടറിലൂടെ ഉറപ്പിച്ച തുക നല്കുകയുമാണ് ചെയ്തിരുന്നത്. എന്നാൽ, കിഴക്കൻ മേഖലയിലെ കരാറുകാരൻ വീഴ്ച വരുത്തുകയും കഴിഞ്ഞ ഒരു വർഷത്തോളം വഴിവിളക്കുകൾ കത്തിക്കുന്നതിൽ പൂർണ്ണമായി പരാജയപ്പെട്ടതിനാൽ നിയമപരമായ നടപടികൾ സ്വീകരിച്ച് കരാറുകാരനെ മാറ്റുകയും പുതുതായി ജോലിയുടെ അടിയന്തിര സ്വഭാവം പരിഗണിച്ച് വൈറ്റില, ഇടപ്പള്ളി, സെൻട്രൽ എന്നീ സോണുകളിൽ വ്യത്യസ്ത കരാറുകാരെ ഏല്പിച്ച് പണി നടന്നുവരികയാണ്.

നിലവിലുള്ള തെരുവുവിളക്കുകൾക്ക് LED, LED induction, CFL മുതലായ ഊർജ്ജ ക്ഷമതയുള്ള പുതിയ ബൾബുകൾ സ്ഥാപിക്കുകയും എല്ലാ ലൈറ്റുകൾക്കും വൈദ്യുതി മീറ്ററും അതിനെ അടിസ്ഥാനപ്പെടുത്തി വൈദ്യുതി ബില്ലിംഗ് സംവിധാനവും നടപ്പിലാക്കും. സമയക്രമത്തിൽ പ്രവർത്തിക്കുന്ന ഓട്ടോമാറ്റിക് സ്വിച്ചിംഗ് സംവിധാനവും കത്താത്ത വിളക്കുകളെക്കുറിച്ച് നഗരസഭയുടെ സൈറ്റിലേക്കും മൊബൈൽ ഫോണുകളിലേക്കും വരെ വിവരം അറിയിക്കുകയും ചെയ്യും. ഈ സംവിധാനം നിലവിൽ വരുന്നതോടെ കറന്റ് ബില്ലിൽ രണ്ടുകോടി രൂപ ലാഭിക്കുവാൻ സാധിക്കും.

മൊബൈൽ ഫോണിലേക്കും വിവരങ്ങൾ തരുന്ന റേഡിയോ ഫ്രീക്വൻസി സംവിധാനവും (RFID) പൂർണ്ണമായി നടപ്പിലാക്കുന്നതായിരിക്കും. നഗരസഭയുടെ നിലവിലുള്ള വെബ്സൈറ്റ് കാലോചിതമായി പരിഷ്ക്കരിക്കുകയും നഗരസഭയെ സംബന്ധിക്കുന്ന രേഖകളും സ്ഥിതിവിവരക്കണക്കുകളും ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതായിരിക്കും. ജനങ്ങൾക്ക് നേരിട്ട് സൈറ്റിലൂടെ അഭിപ്രായങ്ങളും പരാതികളും വിവിധ തലങ്ങളിലേക്ക് സമർപ്പിക്കാനും പരിഹാരം നേടുവാനും അവസരമൊരുക്കും.

## കുടിവെള്ളം

**'Water Water Everywhere. Not a single drop to drink'**

വിവിധ തരത്തിലുള്ള ജലാശയങ്ങളാൽ ചുറ്റപ്പെട്ട കൊച്ചിനഗരത്തിൽ ജനങ്ങൾക്കാവശ്യമായ ശുദ്ധജലം ലഭ്യമാക്കുവാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല എന്നത് നമ്മുടെ വികസന പാതയിലെ പോരായ്മയാണ്. 1990 വരെ കൊച്ചിനഗരസഭ നടത്തിയിരുന്ന ജലവിതരണം പോരായ്മകൾ പരിഹരിക്കുവാനെന്ന പേരിൽ അന്നത്തെ ഗവൺമെന്റ് ഏറ്റെടുത്ത് കേരളാ വാട്ടർ അതോറിറ്റിയെ ഏല്പിച്ചുവെങ്കിലും ഇന്നും ജനങ്ങൾ രൂക്ഷമായ കുടിവെള്ളക്ഷാമത്തെ നേരിടുകയും നഗരസഭ ടാങ്കർലോറികളിൽ വെള്ളമെത്തിക്കുന്നതിന് ലക്ഷക്കണക്കിനു രൂപ ചിലവഴിച്ചു വരികയുമാണ്. ലോറിവെള്ളവും കാത്ത് വെള്ളമില്ലാത്ത പൈപ്പിൻചുവടുകളിൽ പാത്രങ്ങളുമായി കാത്തിരിക്കുന്ന പാവപ്പെട്ട സ്ത്രീകൾ നഗരത്തിന്റെ പാളിയ വികസനത്തിന്റെ നേർക്കാഴ്ചയാണ്. ഈ ചിത്രം ഒരു ഗതകാല ചരിത്രമാകണം. ജനോറം പദ്ധതി

യ്ക്കുകീഴിൽ നഗരസഭതന്നെ കുടിവെള്ളം വിതരണം ഏറ്റെടുക്കണമെന്ന് തീരുമാനിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ഇതൊരു വെല്ലുവിളിയായി നാം ഒരുമിച്ച് ഏറ്റെടുക്കേണ്ടതാണ്. ഗാർഹിക ആവശ്യങ്ങൾക്കുമപ്പുറം ഹോട്ടലുകൾ ഉൾപ്പെടെയുള്ള വാണിജ്യ ആവശ്യങ്ങൾക്കും ഫിഷറീസ് പോലെയുള്ള വ്യവസായ മേഖലയ്ക്കും ശുദ്ധജലം അനിവാര്യമാണ്.

തൃശൂർ കോർപ്പറേഷൻ ഉൾപ്പെടെ ഇന്ത്യയിലെ നിരവധി നഗരസഭകൾ ജലവിതരണം നടത്തുന്ന മാതൃകയിൽ നമുക്ക് ഇത് ചെയ്യുവാൻ കഴിയും.

നിലവിലുള്ള ശുദ്ധജല സംവിധാനങ്ങളെല്ലാം രാജഭരണകാലം മുതൽ ആലുവ പെരിയാറിൽനിന്നുള്ള വെള്ളത്തെയാണ് മൊത്തമായും ആശ്രയിച്ചുപോരുന്നത്. എന്നാൽ ജനോറം പദ്ധതിയിൽ നഗരസഭ അംഗീകാരം നേടിയിരിക്കുന്നത് പുതിയ സ്രോതസ്സായ പിറവത്ത് മൂവാറ്റുപുഴ ആറിൽനിന്നും വെള്ളം സംഭരിച്ച് മരട് പഞ്ചായത്തിൽ എത്തിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണ്.  ഇതിന്റെ നടത്തിപ്പ് നഗരസഭ കരാറടിസ്ഥാനത്തിൽ KWA യെ ഇംപ്ലിമെന്റിംങ്ങ് ഏജൻസി ആയി ഏല്പിച്ചിരിക്കുകയാണ്.

ശുദ്ധീകരണ ടാങ്കിന്റെ പണി മരടിൽ പുരോഗമിച്ചുവരുന്നു. പൈപ്പിടാനുള്ള സ്ഥലമെടുപ്പിന് നടപടി ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി പുരോഗമിക്കുന്നു. എന്നാൽ 9 കിലോമീറ്റർ പൈപ്പ് ഇടേണ്ടത് PWD റോഡിലൂടെയാണ്. ആയതിന് സ്ഥലം എം.എൽ.എ.യുടെയും മറ്റും എതിർപ്പുമൂലം പണിനടത്തുവാൻ കഴിഞ്ഞിട്ടില്ലെങ്കിലും എതിർപ്പുകൾ അവസാനിപ്പിക്കുന്നതിനുള്ള എല്ലാ നടപടികളും വകുപ്പ് മന്ത്രിയുടെ സഹകരണത്തോടെ നടത്തിവരികയാണ്. ഈ പദ്ധതിപ്രകാരമുള്ള 102 MLD വെള്ളംകൂടി ലഭിക്കുന്നതോടുകൂടി ശുദ്ധജലക്ഷാമത്തിന് പരിഹാരം കണ്ടെത്തുവാൻ കഴിയുന്നതാണ്. ആയതിനായി ആവശ്യമായ തുക ജനോറം പദ്ധതിയിൽ ലഭ്യമായിട്ടുണ്ട്.

വാട്ടർ അതോറിറ്റിയ്ക്ക് കുടിശ്ശിക വകയിൽ 98 കോടി രൂപ കൊടുക്കുവാനുണ്ടെന്ന് അവർ ഏകപക്ഷീയമായി ഉന്നയിച്ച വാദം അംഗീകരിച്ച് നഗരസഭയുടെ General Purpose & Maintenance Grant -ൽ നിന്നും തുക വെട്ടിക്കുറച്ചത് ഒരുവിധത്തിലും നീതീകരിക്കുവാൻ

കഴിയാത്തതാണ്. കുടിവെള്ള വിതരണം വാട്ടർ അതോറിറ്റി 1991-ൽ ഏറ്റെടുത്തപ്പോൾ, നഗരസഭ വിവിധ ഏജൻസികളിൽനിന്ന് കടമെടുത്തും സ്വന്തം ഫണ്ടിൽനിന്നും ഉണ്ടാക്കിയ ബൃഹത്തായ ജലവിതരണ ശൃംഖലയും മറ്റ് ആസ്തികളും സൗജന്യമായി വിട്ടുകൊടുക്കുക യാണുണ്ടായത്. വിവിധ പദ്ധതികൾ നടപ്പാക്കുന്ന പേരിൽ കോടിക്കണക്കിന് രൂപ കാലാ കാലങ്ങളിൽ വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുള്ളതുമാണ്. പബ്ലിക് ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ വാട്ടർ അതോറിറ്റിയുടെ വാദങ്ങൾക്ക് എതിർവാദങ്ങൾ നിരത്തി ഗവൺമെന്റിന്റെ നിലപാടിൽ മാറ്റം വരുത്തി പ്രസ്തുത 98 കോടി രൂപ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കും. ഒന്നോ രണ്ടോ ഉപഭോക്താക്കൾ മാത്രം ഉപയോഗിക്കുന്ന പബ്ലിക് ടാപ്പു കൾ കണ്ടെത്തി പ്രസ്തുത വീട്ടുകാർക്ക് നേരിട്ട് കണക്ഷൻ നല്കി പൊതു ടാപ്പുകൾ നിർത്ത ലാക്കും. ഇതിലൂടെ നഗരസഭ കേരള വാട്ടർ അതോറിട്ടിയ്ക്ക് ഓരോ ടാപ്പിനും പ്രതിവർഷം നല്കുന്ന 5800 രൂപ ലാഭിക്കുവാൻ കഴിയും എന്നു മാത്രമല്ല കുടിവെള്ളത്തിന്റെ ദുർവിനി യോഗം ഒഴിവാക്കുവാനും സാമ്പത്തികമെച്ചം ഉണ്ടാക്കുവാനും കഴിയുന്നതാണ്.

## റോഡുകൾ

ഈ കൗൺസിൽ അധികാരത്തിൽ വരുമ്പോൾ പല പദ്ധതികളും അംഗീകരിച്ചിട്ടു ണ്ടായിരുന്നു എങ്കിലും റോഡുകളെല്ലാം തന്നെ തകർന്നു കിടക്കുകയായിരുന്നു. ആയവ എല്ലാംതന്നെ മാർച്ച് അവസാനത്തോടെ സഞ്ചാര യോഗ്യമാക്കുവാനുള്ള നടപടി നിലവിൽ വന്നുകഴിഞ്ഞു. കൂടാതെ കേന്ദ്രാവിഷ്കൃത JNNURM പദ്ധതിയും, സംസ്ഥാനാവിഷ്കൃത KSUDP പദ്ധതിയും ബഹുമാനപ്പെട്ട എം.എൽ.എ.മാരുടെ ഫണ്ടുകളും വിനിയോഗിച്ച് നഗരത്തിലെ സുപ്രധാന റോഡുകളുടെ പുനർനിർമ്മാണം അവസാനഘട്ടത്തിലാണ്.

നഗരത്തിന്റെ പ്രധാന ഗതാഗത തടസ്സമായ റെയിൽവേ ഗേറ്റുകൾ മാറ്റി മേൽപാല ങ്ങൾ നിർമ്മിക്കുവാനുള്ള പദ്ധതികൾ ജനോറം അംഗീകരിച്ച് ആയതിന്റെ നിർവ്വഹണ ഏജൻസിയായ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരിക്കു കയാണ്.

പൊന്നുരുന്നി-അറ്റ്ലാന്റീസ്-പച്ചാളം എന്നീ മൂന്നു മേൽപ്പാലങ്ങൾക്കായി ഈ സാമ്പത്തികവർഷം സ്ഥലം ഏറ്റെടുക്കുന്നതിനു, സംസ്ഥാന ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്.

S.A. റോഡിന്റെ ശേഷിച്ച ഏറ്റെടുക്കേണ്ട 4 പ്ലോട്ടുകൾ പൊന്നുംവില നടപടികളിലൂടെ ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനം അവസാനഘട്ടത്തിലെത്തിയിരിക്കുന്നു.

**തമ്മനം പുല്ലേപ്പടി റോഡ്**

റെയിൽവേ മേൽപ്പാലം നിർമ്മാണം പൂർത്തിയായിട്ടും അപ്രോച്ച് റോഡ് ഇനിയും പൂർത്തിയാകാതെ കിടക്കുന്ന തമ്മനം പുല്ലേപ്പടി റോഡിന്റെ പൂർത്തീകരണത്തിനായി സർക്കാർ Detailed Town Planning Scheme (DTP) അനുവദിച്ച് ഉത്തരവാകുന്ന മുറയ്ക്ക് കൂടുതൽ Floor Area Ratio (FAR), Transfer of Development Rights (TDR) ആനുകൂല്യങ്ങൾ നല്കി ഏറ്റെടുത്തും ബാക്കിവരുന്ന സ്ഥലം പൊന്നും വിലയ്ക്ക് എടുത്തും പദ്ധതി പൂർത്തീകരിക്കും. ഈ നടപടികൾ ഫാസ്റ്റ് ട്രാക്കിൽപെടുത്തുകയും ആയതിന്റെ ചിലവ് സംസ്ഥാന സർക്കാരിനോട് വഹിക്കണമെന്നാവശ്യപ്പെടും. റോഡുനിർമ്മാണത്തിനുള്ള ഫണ്ട് ജനോറം പദ്ധതിയിൽനിന്നും ലഭ്യമാണെങ്കിലും നിലവിലുള്ള റോഡുപരിപാലനം ജനകീയാസൂത്രണ ഫണ്ടുപയോഗിച്ച് നടന്നുവരികയാണ്.

**SA റോഡ് വെസ്റ്റ് എക്സ്റ്റൻഷൻ**

SA റോഡ് പടിഞ്ഞാറ് ഭാഗത്തേയ്ക്കു ചർച്ച് ലാന്റിംഗ് റോഡ് വികസിപ്പിച്ച് Fine Arts Avenue വരെ നീട്ടുന്നതിനായി ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതിനായുള്ള തുക സർക്കാർ ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് ആശാവഹമാണ്.

**ഇടക്കൊച്ചി ഇന്ദിരാഗാന്ധി റോഡ്**

സർക്കാർ അംഗീകാരത്തിന് വിധേയമായി സ്ഥലം ഏറ്റെടുക്കുന്നതിന് പൊന്നുംവില നടപടികൾ പുരോഗമിക്കുന്നു.

**പള്ളുരുത്തി 40 അടി റോഡ്**

ദീർഘകാലമായി പള്ളുരുത്തിയിലെ പഴയ നാഷണൽ ഹൈവേയ്ക്കു സമാന്തരമായി നിർമ്മിക്കുന്ന 40 അടി റോഡിന്റെ നിർമ്മാണം MLA റോഡുവരെ പൂർത്തീകരിച്ചും ബാക്കി പെരുമ്പടപ്പ് വരെയുള്ള ഭാഗം സ്ഥലം ഏറ്റെടുക്കൽ ജനകീയാസൂത്രണം പദ്ധതിയിൽ ഉൾപ്പെടുത്തിയും ഈ വർഷം പൂർത്തിയാക്കും.

**രാമേശ്വരം വെസ്റ്റ് പദ്ധതി റോഡ്**

പണ്ടാരചിറ മുതൽ സാന്തോംവരെ വരുന്ന 80 അടി റോഡും മാനാശ്ശേരിയിൽനിന്നും പള്ളുരുത്തി പണ്ടാരച്ചിറയിലേക്ക് GCDA വിഭാവനം ചെയ്തിട്ടുള്ള റോഡുകൾ ജനോറം ജനകീയാസൂത്രണം പദ്ധതികളിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും.

മാന്ത്ര കനാൽ സൈഡ് റോഡ്, വെളി ITC റോഡ്, KJ ഹർഷൻ റോഡ് എന്നിവയുടെ സ്ഥലമെടുപ്പ് ഘട്ടങ്ങളായി ജനകീയാസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തിയോ, പൂർണ്ണമായും ജനോറം പദ്ധതിയിൽ ഉൾപ്പെടുത്തിയോ പൂർത്തീകരിക്കുവാൻ നേതൃത്വം നല്കും.

**നോർത്ത്-സൗത്ത് റെയിൽവേസ്റ്റേഷൻ ലിങ്ക് റോഡ്**

മുൻവർഷങ്ങളിൽ പ്രഖ്യാപിച്ച തുക ഉപയോഗിച്ച് നോർത്ത് സൗത്ത് റെയിൽവേ സ്റ്റേഷനുകളെ ബന്ധിപ്പിക്കുന്ന റെയിലിനു സമാന്തരമായ റോഡ് പൂർത്തീകരിക്കും.

ചാത്യാത്ത് വടുതല, എളംകുളം ബണ്ട് റോഡ്, നിലവിൽ കസ്തൂർബ നഗർവരെ നില്ക്കുന്ന ശിഹാബ് തങ്ങൾ റോഡ്, കോന്തുരുത്തിയുമായി ബന്ധിപ്പിച്ച് കായൽതീരത്തു കൂടി തേവര NH 49-A യിൽ എത്തിക്കുന്നതിന് DPR തയ്യാറാക്കി നടപടികൾ സ്വീകരിക്കും.

സലിം രാജൻ റോഡ് എം.ജി. റോഡുമായി ബന്ധിപ്പിക്കുന്നതിനായി നിലവിൽ സംസ്ഥാന സർക്കാർ DMRC (ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ) യെ ചുമതലപ്പെടുത്തിയിട്ടുള്ളതിന് ആവശ്യമായ എല്ലാ സഹകരണവും നല്കുകയും മുൻകൈ എടുക്കുകയും ചെയ്യും.

കൊച്ചി മൊബിലിറ്റി ഹബ്ബിന്റെ പ്രവർത്തനങ്ങളിൽ ക്രിയാത്മക പങ്കുവഹിക്കുവാൻ നഗരസഭ മുൻകൈയെടുക്കും. ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് നഗരസഭയുടെ റോഡുകൾ ബലപ്പെടുത്തുന്നതിനുമായി ആവശ്യമായ നടപടികൾ സ്വീകരിക്കും.

## ഫോർട്ട്കൊച്ചി ബസ് ടെർമിനൽ

ബസ് ടെർമിനലിൽ സ്വകാര്യ, സർക്കാർ സർവ്വീസ് നടത്തുന്ന ജീവനക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തും. ജീവനക്കാർക്ക് വിശ്രമമുറി സൗകര്യം ഏർപ്പെടുത്തും. വാഹനങ്ങൾ റിപ്പയർ ചെയ്യൽ ഉൾപ്പെടെ ഗതാഗതവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് പ്രാമുഖ്യം നല്കി ഉപയോഗപ്രദമാക്കും.

## റെയിൽ ഗതാഗതം

കൊച്ചി മെട്രോ റയിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ടെങ്കിൽതന്നെയും നഗരസഭ തയ്യാറാക്കിയ ബൃഹത്തായ ജനോറം പദ്ധതിയിൽ ഉൾപ്പെടുന്ന (Comprehensive City Mobility Plan) സിറ്റി മൊബിലിറ്റി പ്ലാനിൽ ഏറ്റവും പ്രാധാന്യത്തോടെ നിർദ്ദേശിച്ചിരിക്കുന്ന സബർബൻ റെയിൽ നടപ്പാക്കുന്നതിന് ആവശ്യമായ സമ്മർദ്ദം കേന്ദ്രസംസ്ഥാന സർക്കാരുകളിൽ ചെലുത്തും. പാലക്കാടും കൊല്ലത്തും ഉള്ളതുപോലുള്ള മെമു ട്രയിനുകളുടെ മെയിന്റനൻസ് സെന്റർ കൊച്ചിയിലും സ്ഥാപിക്കാൻ സമ്മർദ്ദം ചെലുത്തും. കൊച്ചിയെ കേന്ദ്രീകരിച്ച് സബർബൻ സർവ്വീസുകൾ നടത്തുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തും.

## ജലഗതാഗതം

ജലഗതാഗതം സാദ്ധ്യമാക്കിയ വാണിജ്യമാണ് കൊച്ചി നഗരത്തിന്റെ ഉത്ഭവത്തിന്റെയും വളർച്ചയുടെയും കാരണം. കൊച്ചിയുടെ മുന്നോട്ടുള്ള വളർച്ചയും ജലഗതാഗതത്തെ തന്നെ ആശ്രയിച്ചായിരിക്കുമെന്ന് വ്യക്തമാണ്. മൂന്നു ദേശീയ ജലപാതകളും 17 പ്രാദേശിക ജലപാതകളും ബോട്ട് സർവ്വീസ് നടത്തുന്ന വിശാലമായ ജലഗതാഗത സമൃദ്ധമായ ഈ

പ്രദേശത്തെ യാത്രാ-ചരക്ക് നീക്കത്തിന് ഇപ്പോൾ ജലഗതാഗതസംവിധാനം ഒട്ടുംതന്നെ പുരോഗതി പ്രാപിച്ചിട്ടില്ല. ഇതിനായി CDIA (സിറ്റീസ് ഡെവലപ്പ്മെന്റ് ഇനീഷ്യേറ്റീവ് ഫോർ ഏഷ്യ) എന്ന സംഘടന തയ്യാറാക്കിയ വിദഗ്ധ റിപ്പോർട്ട് അടിസ്ഥാനമാക്കി ജലഗതാഗത ബോട്ടുകളും ജങ്കാറുകളും ജെട്ടികളും അനുബന്ധ സൗകര്യങ്ങളും അത്യന്താധുനിക രീതിയിൽ വികസിപ്പിക്കുന്നതിന് DPR തയ്യാറാക്കുവാൻ കിറ്റ്കോയെ ചുമതലപ്പെടുത്തുന്നു. ജലഗതാഗത സംവിധാനത്തിന്റെ നടത്തിപ്പിന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവള കമ്പനി യുടെ (CIAL) മാതൃകയിൽ നഗരസഭയുടെ നേതൃത്വത്തിൽ കമ്പനി രൂപീകരിക്കും.

## ഫോർട്ടുകൊച്ചി-വൈപ്പിൻ ജലഗതാഗത സർവ്വീസ്

ഫോർട്ടുകൊച്ചി-വൈപ്പിൻ ജലഗതാഗത സർവ്വീസ്, റോ റോ ജങ്കാറും, ഡബിൾ ഹൾ ബോട്ടും ഏർപ്പെടുത്തി ആധുനികരീതിയിൽ കാര്യക്ഷമമായി നടത്തുന്നതിന് നടപടി സ്വീക രിക്കും.

## പൊതുഗതാഗതം

നഗരജീവിതത്തിന്റെ ജീവനാഡിയാണ് ഗതാഗതസംവിധാനം. ജലഗതാഗതവും റെയിൽ ഗതാഗതവും നമ്മുടെ നഗരത്തെ ധന്യമാക്കുന്നുണ്ടെങ്കിലും റോഡ്ഗതാഗതം സാർവ്വത്രിക മായി ജനങ്ങൾ ആശ്രയിക്കുന്ന മാർഗ്ഗമാണ്. ചരക്കുഗതാഗതം പോർട്ടുമായി ബന്ധപ്പെട്ട് ഏറെ പ്രാധാന്യമുള്ളതാണെങ്കിലും വാഹനങ്ങളെ ആശ്രയിച്ചുള്ള റോഡ് യാത്ര വർദ്ധിച്ചുവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇതുമൂലം കാൽനടക്കാരേയും സൈക്കിൾയാത്രക്കാരേ യും അവഗണിച്ചുകൊണ്ടിരിക്കുകയാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സ് അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾപ്രകാരം റോഡ് മാർക്കിങ്ങുകളും സൈനേജും മറ്റും ഏർപ്പെടുത്തുന്നതിനുള്ള ചിലവ് എസ്റ്റിമേറ്റിൽതന്നെ ഉൾപ്പെടുത്തുന്നതായിരിക്കും.

കാൽനടക്കാർക്ക് അനായാസം നടന്നുപോകാനുള്ള നടപ്പാതകൾ എല്ലാ പ്രധാന റോഡുകളുടേയും പാർശ്വങ്ങളിൽ നിർബന്ധമാക്കുകയും നല്ല നിലയിൽ പരിപാലിക്കുകയും ചെയ്യും. ബസ് യാത്രാസൗകര്യമില്ലാത്ത പാർപ്പിടമേഖലകളിൽ എല്ലാം സൗകര്യങ്ങൾ ഏർപ്പെ ടുത്തുകയും കൊച്ചിയുടെ പ്രത്യേകത കണക്കിലെടുത്ത് ബസ് ഷെൽട്ടറുകളും മറ്റും ആസൂ ത്രണം ചെയ്ത് നടപ്പാക്കും. ഇതിനെല്ലാം സ്പോൺസർമാരെ കണ്ടെത്തുവാൻ കഴിയുന്ന താണ്.

നിലവിലുള്ള കുത്തഴിഞ്ഞ നഗരഗതാഗത സംവിധാനത്തെ ദേശീയ നഗരഗതാഗത നയത്തിന്റെ ചുവടുപിടിച്ച് ജനോറം പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ളതും സംസ്ഥാന ഗവൺമെന്റ് അംഗീകാരം ലഭിച്ചിട്ടുള്ള മാനദണ്ഡപ്രകാരം ക്രമീകരിക്കുന്നതായിരിക്കും. ഇതിന്റെ ഭാഗമായി ഒരു പാർക്കിംഗ് നയം രൂപീകരിച്ച് ഗവൺമെന്റ് അംഗീകാരത്തോടെ നടപ്പാക്കുന്നതാണ്. ഇത് പ്രധാന റോഡുകളിലെ നിലവിലുള്ള ഞെരുക്കത്തിന് വലിയതോതിൽ പരിഹാരം ഉണ്ടാക്കുന്നതാണ്.

പ്രധാനപ്പെട്ട നഗരവീഥികളിലെ ജംഗ്ഷനുകൾ ശാസ്ത്രീയമായി പുനഃക്രമീകരിച്ച് ഗതാഗതം സുഗമമാക്കാൻ സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടെ നടപടിയെടുക്കുന്നതായിരിക്കും.

ജലഗതാഗതവുമായി റെയിൽ, റോഡ് ഗതാഗതവും ഏകീകരിക്കുവാൻ നഗരസഭ തയ്യാറാക്കിയിട്ടുള്ള റൈറ്റ്സ് റിപ്പോർട്ട് NATPAC റിപ്പോർട്ട്, City Mobility Plan എന്നിവയിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കും.

## പട്ടികജാതി വികസനം

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക ഘടക പദ്ധതി നഗരസഭ വർഷാവർഷങ്ങളിൽ നടപ്പാക്കി വരുന്നുണ്ട്. ഈ വർഷം 11 കോടി രൂപയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത്. എന്നാലും പല പരിമിതികൾമൂലം ഈ തുകയുടെ കുറച്ചുമാത്രമേ ചിലവഴിക്കുവാൻ കഴിയുന്നുള്ളൂ.

നഗരത്തിലുള്ള പട്ടികജാതിക്കാരുടെ എണ്ണത്തിലുള്ള കുറവും അതിൽത്തന്നെ നല്ലൊരു ശതമാനം പലതരത്തിലുള്ള ഗവൺമെന്റ് ഉദ്യോഗസ്ഥരായതിനാൽ ആനുകൂല്യങ്ങൾ ലഭിക്കുവാൻ അർഹതയില്ലാത്ത സാഹചര്യം, മുൻവർഷങ്ങളിൽ ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുള്ളതിനാൽ അർഹതയില്ലാത്ത അവസ്ഥ മുതലായവ പദ്ധതിയെ പരിമിതപ്പെടുത്തുന്നു. കൂടാതെ പദ്ധതി നിർവ്വഹണത്തിന് പാലിക്കേണ്ട വ്യവസ്ഥകൾ കൂടുതൽ പ്രയാസകരമാക്കുന്നു. ഈ പരിമിതികൾ എല്ലാമുണ്ടെങ്കിലും ലഭ്യമായ ഫണ്ടുപയോഗിച്ച് പട്ടികജാതി വിഭാഗങ്ങൾക്കുള്ള വീടുകൾ, ഹോസ്റ്റലുകൾ മുതലായ സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുവാൻ പരിപാടികൾ തയ്യാറാക്കുന്നതാണ്.

## പൊതുജനാരോഗ്യം

ആരോഗ്യം എന്നാൽ ആശുപത്രി എന്ന സങ്കല്പത്തിൽനിന്നുമാറി വ്യക്തിഗത ആരോഗ്യപരിപാലനവും ശുചിത്വത്തിലൂടെയും രോഗങ്ങളെ പ്രതിരോധിക്കുവാനുള്ള ബോധ പൂർവ്വമായ പരിപാടികൾ ആവിഷ്ക്കരിക്കും. ഇതിനായി നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്തും. എന്നാൽ അധികാര വികേന്ദ്രീകരണത്തെ തുടർന്ന് ജനങ്ങളുടെ ആരോഗ്യപരിപാലനത്തിന്റെ മൂലഘടകങ്ങളായ സർക്കാർ ആശുപത്രികളുടെ പ്രവർത്തനം ഭാഗികമായി നഗരസഭയിൽ നിക്ഷിപ്തമായിരിക്കുകയാണ്. അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ മൂന്നു ചികിത്സാരീതികളും ഉള്ള ആശുപത്രികളും നഗരസഭയുടെ കീഴിൽ പ്രവർത്തിച്ചുപോരുന്നുണ്ട്. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന തിന് അതാതു സ്ഥലത്തെ മാനേജിംഗ് കമ്മറ്റികൾ രൂപീകരിച്ച് അവയുടെ മേൽനോട്ടത്തിൽ നടന്നുവരുന്നു. പ്രധാനപ്പെട്ട അലോപ്പതി ആശുപത്രികളായ ഫോർട്ടുകൊച്ചി, കരുവേലിപ്പടി മഹാരാജാസ് ആശുപത്രി, പള്ളുരുത്തി ആശുപത്രി, ഇടപ്പള്ളി ആശുപത്രി എന്നിവയുടെ പ്രവർ ത്തനം ഏകീകരിച്ച് നല്ല രീതിയിലുള്ള സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഒരു വിദഗ്ധസമിതിയെ നിയോഗിക്കുന്നതായിരിക്കും.

ആയുർവേദ-അലോപ്പതി ആശുപത്രികളുടെ മെയിന്റനൻസുകൾ മരുന്നും മറ്റ് അടി സ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും, ജനകീയാസൂത്രണ ഫണ്ട് വിനിയോഗിക്കും. ഹോമിയോ ഡിസ്പെൻസറികൾ കരാർവ്യവസ്ഥയിൽ സർക്കാർ അംഗീകാരത്തോടെ തുടർന്നും നഗരസഭാ ഫണ്ടുപയോഗിച്ച് നടത്തുന്നതാണ്. ഈ ആവശ്യത്തിലേക്ക് 70,00,000 രൂപ വക യിരുത്തുന്നു.

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾവഴി വൈദ്യസേവനങ്ങൾ എത്താത്ത പ്രദേശങ്ങളിൽ സാധാരണ ജനങ്ങൾക്ക് വൈദ്യസേവനം തുടർച്ചയായി 13 PHC കൾ വഴി ലഭ്യമാക്കിക്കൊ ണ്ടിരിക്കുകയാണ്. ഇത് കൂടുതൽ മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. ഇതിന് 50,00, 000 രൂപ വകയിരുത്തുന്നു.

## ഖരമാലിന്യ സംസ്ക്കരണം

ഈ മേഖലയിൽ നഗരസഭ ഏറെ പ്രതീക്ഷയോടെയാണ് ബ്രഹ്മപുരം ഖരമാലിന്യ സംസ്ക്കരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയത്. വിവിധ ഘട്ടങ്ങളിലായി 104 ഏക്കർ

സ്ഥലം സംസ്ഥാന ഗവൺമെന്റിന്റെ കൂടി സഹായത്തോടെ വാങ്ങുകയും ജനോറം പദ്ധതിയിൽ ഉൾപ്പെടുത്തി അവിടെ വിപുലമായ സംസ്ക്കരണപ്ലാന്റും അനുബന്ധ സജ്ജീകരണങ്ങളും തയ്യാറാക്കുകയുമുണ്ടായി.

അതിനോടൊപ്പംതന്നെ നഗരസഭയുടെ എല്ലാ വാർഡുകളിലും കുടുംബശ്രീ, റസിഡന്റ് അസോസിയേഷൻ, വാർഡ് കമ്മറ്റികളുടെയും സഹകരണത്തോടെ വീടുകളിൽനിന്നും മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുവാനും അവയെ ബ്രഹ്മപുരത്ത് സംസ്ക്കരണപ്ലാന്റുകളിലെത്തിക്കുവാനുമുള്ള സംവിധാനങ്ങൾ തയ്യാറാക്കുകയുണ്ടായി. ഭൂരിഭാഗം വാർഡുകളിലും വീടുകളിൽനിന്നുള്ള കളക്ഷനും ബ്രഹ്മപുരത്ത് എത്തിക്കുന്ന സംവിധാനങ്ങളും നല്ലരീതിയിൽ നടക്കുന്നുണ്ട്.

എന്നാൽ ബ്രഹ്മപുരത്ത് ഉണ്ടാക്കിയ പ്ലാന്റ് പൂർണമായി പ്രവർത്തിക്കാത്തതിനാൽ മാലിന്യസംസ്ക്കരണം സ്തംഭനാവസ്ഥയിൽ എത്തിയപ്പോൾ സർക്കാർ അംഗീകൃത ഏജൻസിയെ സെന്റർ ഫോർ എൻവെയർമെന്റ് & ഡെവലപ്മെന്റ് (CED) പ്ലാന്റിന്റെ നടത്തിപ്പ് കരാർ വ്യവസ്ഥയിൽ ഏല്പിക്കുകയുണ്ടായി. എങ്കിലും പ്രവർത്തനം ഭാഗികമായേ നടക്കുന്നുള്ളൂ. ഈ കാലയളവിൽ അവിടെ കുമിഞ്ഞുകൂടിയ ടൺ കണക്കിന് മാലിന്യം സംസ്ക്കരിക്കുന്നതിന് ശാസ്ത്രീയമായ സാനിട്ടറി ലാന്റ് ഫിൽ നടത്തുന്നതിനും, പ്ലാസ്റ്റിക് മാലിന്യങ്ങൾ വില നിശ്ചയിച്ച് അവിടെനിന്ന് നീക്കം ചെയ്യുവാനും നടപടി സ്വീകരിച്ചുവരുന്നു.

ജനോറത്തിന് കീഴിൽ ഖരമാലിന്യപദ്ധതി പാസ്സാക്കിയിരിക്കുന്നത് നഗരസഞ്ചയത്തിലുൾപ്പെട്ട കൊച്ചി നഗരസഭയും 5 മുനിസിപ്പാലിറ്റികളും 10 പഞ്ചായത്തുകളും അടക്കമുള്ളവയ്ക്ക് മൊത്തമായാണ്. നിലവിലുള്ള പ്ലാന്റിന് 250 ടൺ മാലിന്യം സംസ്ക്കരിക്കുവാനേ ശേഷിയുള്ളു. എന്നാൽ നഗരസഞ്ചയത്തിന്റെ മൊത്തം മാലിന്യം 600 ടൺ വരുന്നതിനാൽ പദ്ധതിയിൽ അവശേഷിക്കുന്ന നാല്പതോളം കോടി ഉപയോഗിച്ച് ഒരു റീജണൽ സോളിഡ് വെയ്സ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് നമ്മുടെ കൈവശമുള്ള ഖരഭൂമിയിൽ സ്ഥാപിക്കുവാനും അതിന് അനുബന്ധമായ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുവാനും തീരുമാനിക്കുകയും ആയതിന് DPR ഉണ്ടാക്കുവാൻ ഉടനെ തന്നെ പ്രാപ്തരായ കൺസൾട്ടന്റുമാരെ നിയമിക്കുന്നതായിരിക്കും.

**ZERO WASTE പദ്ധതി**

നഗരസഭയുടെ ഒന്നാം ഹെൽത്ത് സർക്കിളിൽ ഉൾപ്പെട്ട 1 മുതൽ 27 വരെയുള്ള ഡിവിഷനുകളുടെ ടൂറിസം പ്രാധാന്യവും കണക്കിലെടുത്ത് ശാശ്വതമായ ഖരമാലിന്യ സംസ്കരണ പദ്ധതി നടപ്പാക്കുന്നതിന് ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ പ്രത്യേക പദ്ധതിയ്ക്ക് രൂപം നല്കിയിട്ടുണ്ട്. വീടുവീടാന്തിരം വേർതിരിച്ച മാലിന്യശേഖരണവും സംസ്കരണവും പ്രാദേശികമായി നടത്തുന്നതിനുള്ള നൂതനമായ പദ്ധതിയാണ് ഇത്. ഇതിനായി ടൂറിസം ഡിപ്പാർട്ടുമെന്റ് അനുവദിച്ചിട്ടുള്ള 42 ലക്ഷം രൂപ കുടുംബശ്രീയുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കും.

നഗരമധ്യത്തിലെ വ്യാപാരിസമൂഹവും ഹോട്ടൽ ഉടമകളും അവരവരുടെ സ്ഥാപനങ്ങളിൽനിന്ന് പുറന്തള്ളുന്ന മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയാണെങ്കിൽ ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നഗരസഭ ലഭ്യമാക്കുന്നതാണ്.

## സിവറേജ് പദ്ധതി

വീടുകൾക്ക് ടോയ്‌ലറ്റ് സംവിധാനം ഒഴിച്ചുകൂടാനാവാത്തതുപോലെതന്നെയാണ് ആധുനിക നഗരങ്ങൾക്ക് സിവറേജ് പദ്ധതി. ഈ നഗരത്തെ നയിച്ച നമ്മുടെ പൂർവ്വികന്മാർ ദീർഘവീക്ഷണത്തോടെ 1950-ൽ സ്ഥാപിച്ച സിവറേജ് സംവിധാനമാണ് ഇന്നും എറണാകുളം ഭാഗത്ത് നിലവിലുള്ളത്. എളംകുളത്തെ ട്രീറ്റ്മെന്റ് പ്ലാന്റ് 1950-ൽ അന്നത്തെ ഇന്ത്യൻ പ്രസിഡന്റ് ഡോ. രാജേന്ദ്രപ്രസാദാണ് ശിലയിട്ടിരിക്കുന്നത്. തുടർന്ന് കോളേജ് ഗ്രൗണ്ടിന് അടുത്തുള്ള പമ്പ് ഹൗസും അതിനുശേഷം സിവറേജ് പദ്ധതിയുടെ ചുമതല നഗരസഭയിൽനിന്നും സർക്കാർ ഏറ്റെടുത്ത് വാട്ടർ അതോറിറ്റിയെ ഏല്പിച്ചതിനാൽ നിരവധി റോഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പമ്പ് ഹൗസുമായോ ട്രീറ്റ്മെന്റ് പ്ലാന്റുമായോ അവയെ ബന്ധപ്പെടുത്തുവാൻ ഇന്നേവരെ കഴിഞ്ഞിട്ടില്ല. നഗരസഭ നേരിടുന്ന ദ്രവമാലിന്യത്തിന്റെയും കൊതുകുശല്യത്തിന്റെയും ശാശ്വതമായ പരിഹാരം മറ്റു നഗരങ്ങളിലേതുപോലെ തന്നെ ആധുനിക സിവറേജ് പദ്ധതികൊണ്ടു മാത്രമേ സാദ്ധ്യമാകൂ എന്ന് നമുക്ക് ബോദ്ധ്യമുള്ളതാണ്. ഇപ്പോൾ 2 സിവറേജ് പദ്ധതികളാണ് നഗരസഭ നടപ്പാക്കുവാനുള്ളത്.

കൊച്ചിപ്രദേശത്ത് KSUDP പദ്ധതിയുടെ കീഴിൽ നഗരസഭ നേരിട്ട് നിർവ്വഹണം നടത്തുന്ന പദ്ധതിപ്രകാരം ട്രീറ്റ്മെന്റ് പ്ലാന്റിനും 8 പമ്പ് ഹൗസുകൾക്കും സ്ഥലം ലഭ്യമായ തിന്റെ ടെന്റർ നടപടി സ്വീകരിച്ചെങ്കിലും അമിതമായ നിരക്കായതിനാൽ സംസ്ഥാന എംപവേർഡ് കമ്മറ്റി അംഗീകാരം നല്കാതെ റീടെണ്ടർ നിർദ്ദേശിച്ചതിൻപ്രകാരം നടപടി സ്വീകരിച്ചിരിക്കുകയാണ്. എറണാകുളം കിഴക്കൻ പ്രദേശത്ത് ജനോറം പദ്ധതിപ്രകാരം നടപ്പാക്കുന്ന സിവറേജ് പദ്ധതി നിർവ്വഹണത്തിനായി KWA യെ ആണ് നഗരസഭ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യ മായ സ്ഥലം എളംകുളത്ത് KWA യുടെ കൈവശമുണ്ട്. എന്നാൽ സ്ഥാപിക്കുവാനുള്ള 9 പമ്പ് ഹൗസുകൾക്ക് സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

നഗരത്തിന്റെ 95 ശതമാനം സ്ഥലത്തും സെപ്റ്റിക് ടാങ്ക് സംവിധാനമാണ് നിലവിൽ ഉള്ളത്. സെപ്റ്റിക് ടാങ്ക് മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കു ന്നതിന്റെ ഭാഗമായി ബ്രഹ്മപുരത്ത് ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കും.

## വിദ്യാഭ്യാസം - കായികം

ഇത്തവണ ആദ്യമായാണ് വിദ്യാഭ്യാസത്തിനും കായികത്തിനും പ്രത്യേകമായി ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ഉണ്ടാകുന്നത്. നഗരാതിർത്തിയിലുള്ള എല്ലാ യുവജനങ്ങൾക്കും കായിക പരിശീലനത്തിനുള്ള പ്രോത്സാഹനം തരുന്ന പദ്ധതികൾ ആവിഷ്ക്കരിക്കും. സർക്കാർ ഉടമസ്ഥതയിലുള്ള എല്ലാ സ്കൂളുകളും നഗരസഭയ്ക്ക് കൈമാറി കിട്ടിയിട്ടുണ്ട്. സമൂഹത്തിലെ ഏറ്റവും ദുർബലവിഭാഗങ്ങളിലെ കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയങ്ങൾ ഉന്നതനില വാരമുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കിയാൽ മാത്രമേ സാമൂഹ്യനീതി കൈവരിക്കാൻ സാധിക്കുകയുള്ളൂ. സർവ്വശിക്ഷാ അഭയാൻ (SSA), Maintenence grant എന്നിവ ഈ വർഷത്തെ ജനകീയാസൂത്രണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഏറെ കായിക പാരമ്പര്യമുള്ള നഗരമാണ് കൊച്ചി. എല്ലാ മേഖലയിലും കായികപരി ശീലനങ്ങൾക്കും വേദിയൊരുക്കുന്നതിന് നഗരസഭ പ്രതിജ്ഞാബദ്ധരാണ്. ഇതിന്റെ ഭാഗമായി പനമ്പിള്ളിനഗറിലുള്ള സ്പോർട്സ് സ്കൂൾ, സ്പോർട്സ് കൗൺസിലുമായി ചേർന്ന് പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കും. ഫോർട്ടുകൊച്ചി വെളി ഗ്രൗണ്ട്, വാലിൻമേൽ

ഗ്രൗണ്ട്, പച്ചാളം പി.ജെ. ആന്റണി ഗ്രൗണ്ട് എന്നിവ കായികവിനോദത്തിനായുള്ള സജ്ജീകരണങ്ങൾ ഒരുക്കും. വെള്ളത്താൽ ചുറ്റപ്പെട്ട നഗരത്തിൽ സാധാരണക്കാർക്ക് നീന്തൽ പരിശീലിപ്പിക്കുവാൻ അവസരം ഒരുക്കുന്ന രീതിയിൽ പദ്ധതികൾ ആവിഷ്ക്കരിക്കും.

ഏറെ സാമൂഹ്യപ്രസക്തിയുള്ള ഒരു പദ്ധതിയാണ് തുടർവിദ്യാഭ്യാസ പരിപാടി. ബാല്യത്തിൽ വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ കഴിയാതെ പോയവർക്ക് അനൗപചാരിക വിദ്യാഭ്യാസ പരിപാടിയിലൂടെ തുടർന്ന് പഠിച്ച് എസ്.എസ്.എൽ.സി. പാസ്സാകുവാനുള്ള അവസരങ്ങൾ ഒരുക്കുന്നതിന് ഇരു മേഖലയിലുമായി കഴിഞ്ഞിട്ടുണ്ട്. ആയത് കൂടുതൽ വിപുലമാക്കുവാൻ നടപടികൾ സ്വീകരിക്കും. ഈ ഇനത്തിൽ ആവശ്യമായ തുക ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന നഗരമായതിനാൽ ഉല്ലാസത്തിനും കായികവിനോദങ്ങൾക്കുമായി തുറസ്സായ സ്ഥലങ്ങൾ നിർബന്ധമായും നീക്കിവയ്ക്കണമെന്ന് നഗരാസൂത്രണ തത്വങ്ങളും നിയമങ്ങളും നിഷ്കർഷിക്കുന്നുണ്ടെങ്കിലും നമ്മുടെ നഗരത്തിൽ വളരെ പരിമിതമായ സ്ഥലങ്ങൾ മാത്രമേ നിലവിൽ ലഭ്യമാക്കുവാൻ നമുക്കു കഴിഞ്ഞിട്ടുള്ളൂ. കൂടുതൽ തുറസ്സായ സ്ഥലങ്ങൾ കണ്ടെത്തുവാൻ പരിശ്രമിക്കുമ്പോൾതന്നെ ഉള്ളവയെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി Parks, Playfields and open spaces Act എന്ന നിയമം അനുശാസിക്കുന്ന ചട്ടങ്ങൾ പ്രകാരം അവയെ പ്രഖ്യാപിക്കുകയും സംരക്ഷിക്കുകയും ചെയ്യും. ഈ ആവശ്യത്തിനായുള്ള സർവ്വെയ്ക്കും മറ്റുമായി 5 ലക്ഷം രൂപ വകയിരുത്തുന്നു.

നഗരസഭ മുൻകൈയെടുത്ത് സുഭാഷ്ബോസ് പാർക്കിൽവെച്ച് നടത്തിയ അന്തർദേശീയ ശില്പക്യാമ്പിൽ സൃഷ്ടിച്ച 14 ശില്പങ്ങളുടെ പരിപാലനത്തിനും അവയെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങളടങ്ങുന്ന പ്രസിദ്ധീകരണം ഇറക്കുന്നതിനുംവേണ്ടി 5 ലക്ഷം രൂപ വകയിരുത്തുന്നു.

## കലാ സംസ്ക്കാരം

ചമ്പക്കര വള്ളംകളിയും കൊച്ചിൻ കാർണിവലും ഉൾപ്പെടെ കലാസാംസ്ക്കാരിക മേളകൾ സംഘടിപ്പിക്കുവാൻ കോർപ്പറേഷൻ മുൻകൈ എടുക്കും. നഗരസഭ അതിർത്തിയിലുള്ള എല്ലാ കലാസാംസ്ക്കാരിക സംഘടനകളേയും ഏകോപിപ്പിച്ച് മേളകളും സാംസ്ക്കാ

രിക സംഗമങ്ങളും സംഘടിപ്പിക്കും. കൊച്ചി ചരിത്രപരമായിത്തന്നെ കലയിലും സംസ്ക്കാരത്തിലും ഏറെ മുന്നിൽ നിൽക്കുന്ന നഗരമാണ്. പരിപാടികളുടെ നടത്തിപ്പിലേക്കായി 5 ലക്ഷം വകയിരുത്തുന്നു.

നഗരസഭ നടത്തിവരുന്ന 5 ലൈബ്രറികളും മറ്റു വായനശാലകളും കാലത്തിനൊത്ത് ആധുനികവൽക്കരിച്ച് കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. ഗ്രന്ഥശാല നിയമം അനുശാസിക്കുന്ന പ്രകാരം എല്ലാ ഗ്രന്ഥശാലകൾക്കും പ്രാദേശിക കമ്മറ്റികൾ അതാതു കൗൺസിലർമാരുടെ നേതൃത്വത്തിൽ രൂപീകരിക്കും. ജനകീയാസൂത്രണത്തിൻ കീഴിൽ എല്ലാവർഷവും അംഗീകൃത ഗ്രന്ഥശാലകൾക്ക് നഗരസഭ വാങ്ങി ലഭ്യമാക്കുന്ന പുസ്തകങ്ങൾ അതാതു ഗ്രന്ഥശാലകളുടെ പൂർണമായ അഭിപ്രായം ഉൾക്കൊണ്ടുകൊണ്ടായിരിക്കും മേലിൽ നടപ്പാക്കുക.

## സ്മാരകങ്ങൾ

നഗരത്തിന്റെ അഭിമാന സ്തംഭങ്ങളായ പി.ജെ. ആന്റണിക്കും, ജി, ശങ്കരക്കുറുപ്പിനും അനുയോജ്യമായ സ്മാരകങ്ങൾ നിർമ്മിക്കുന്നതിന് ഈ വർഷംതന്നെ നടപടി സ്വീകരിക്കുന്നതാണ്.

ഭരത് പി.ജെ. ആന്റണി സ്മാരകത്തിനായി വടുതലയിൽ ഉള്ള നഗരസഭ വക സ്ഥലത്ത് നാടകരംഗത്തെ പ്രഗത്ഭരെയും പി.ജെ. ആന്റണിയുടെ സമകാലീനരെയും പങ്കെടുപ്പിച്ച് നാടക അക്കാദമിയും, സ്ഥിരം വേദിയും നിർമ്മിക്കുവാനായി പദ്ധതി തയ്യാറാക്കും. പ്രാഥമിക ചിലവുകൾക്കായി 5 ലക്ഷം രൂപ വകയിരുത്തുന്നു.

മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ സ്മാരകം പണിയുവാനായി സർക്കാർ അനുവദിച്ചു തന്നിട്ടുള്ള ഒരേക്കർ സ്ഥലത്ത് നടപ്പാക്കേണ്ട പദ്ധതിയെക്കുറിച്ച് നഗരത്തിലെ സാഹിത്യകാരന്മാരും സാഹിത്യപരിഷത്തും സ്മാരകസമിതി അംഗങ്ങളെയും ഉൾപ്പെടുത്തി വിപുലമായ കമ്മറ്റികൂടി ആലോചിച്ച് ഉചിതമായ സ്മാരകം നിർമ്മിക്കുവാൻ ഈ വർഷംതന്നെ തുടക്കം കുറിക്കും. ഇതിലേക്കായി പ്രാഥമിക ചിലവുകൾക്ക് 10 ലക്ഷം രൂപ വകയിരുത്തുന്നു.

## പരസ്യനികുതി പിരിവ് കുറ്റമറ്റതാക്കും

പൊതു-സ്വകാര്യ ഭൂമിയിലിരിക്കുന്ന പരസ്യബോർഡുകൾ കണ്ടെത്തി നികുതി ഈടാക്കി അധിക-വരുമാനം ഉറപ്പാക്കും. പരസ്യബോർഡുകൾ റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ (R.F.I.D.) സാങ്കേതിക വിദ്യയിലൂടെ, അംഗീകാരമുള്ളതും ഇല്ലാത്തതും തിരിച്ചറിഞ്ഞ് നികുതി നിശ്ചയിക്കുകയും അല്ലാത്തവ നീക്കം ചെയ്യുകയും ചെയ്യും.

## മൊബൈൽ ടവറുകൾ

നിലവിലുള്ള മൊബൈൽ ടവറുകൾക്ക് കാലോചിതമായി നികുതി പരിഷ്ക്കരിക്കും. കേസിലും തർക്കത്തിലും പെട്ടുകിടക്കുകയും എന്നാൽ പ്രവർത്തിക്കുകയും ചെയ്യുന്ന ടവറുകൾക്ക് കഴിഞ്ഞ കാലത്തെ നികുതി നിശ്ചയിച്ച് ഈടാക്കും. ഈ ഇനത്തിൽ 1 കോടി രൂപ അധികവരുമാനം ലഭിക്കും.

വൻകിട ഷോപ്പിംഗ് മാളുകൾക്കും Assessment പൂർണമാക്കി ഏർപ്പെടുത്തും. ഇതിലൂടെ 1 കോടി രൂപ വരുമാന വർദ്ധനവ് പ്രതീക്ഷിക്കുന്നു.

## COCHIN FIRST

പരിമിതമായ വരുമാന സ്രോതസ്സുകൾമൂലം ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് വികസന വെല്ലുവിളികൾ ഏറ്റെടുത്ത് പ്രവർത്തനങ്ങളും സേവനങ്ങളും നിറവേറ്റുവാനുള്ള സാധ്യതയിൽനിന്ന് പിൻതിരിയുവാൻ നമുക്ക് സാധ്യമല്ല. അതുകൊണ്ടുതന്നെ പുതിയ വരുമാന മാർഗ്ഗങ്ങളും ഇന്ത്യയിലെ മറ്റു നഗരങ്ങളിൽ വിജയകരമായി നടപ്പാക്കിയിട്ടുള്ള നവീന വികസന ആശയങ്ങളും നാം സ്വീകരിക്കേണ്ടതാണ്. നഗരസഭയും സർക്കാർ, അർദ്ധസർക്കാർ, സർക്കാർ ഇതര സംഘടനകളും ജനങ്ങളുമായി നേരിട്ടും കൂട്ടായും പങ്കാളിത്തത്തോടെ നഗരത്തിന്റെ വിവിധ സേവനങ്ങൾ കാര്യക്ഷമമാക്കുവാനും പുതിയ വികസന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനും കൊച്ചിൻ-ഫസ്റ്റ് എന്ന നാമധേയത്തിൽ ബൃഹത്തായ വികസന ആശയം ഇവിടെ പ്രഖ്യാപിക്കുന്നു.

ഈ നഗരത്തെ സ്നേഹിക്കുന്ന നഗരവാസികളുടെയും ലോകത്തെമ്പാടുമുള്ള മലയാളികളുടെയും സഹായസഹകരണത്തോടെ ആയിരിക്കും ഈ ദൗത്യം മുന്നോട്ടുകൊണ്ടുപോകുവാൻ ഉദ്ദേശിക്കുന്നത്. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് കമ്പനി (CIAL), മുസിരിസ് പദ്ധതി നടപ്പാക്കുവാൻ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന കമ്പനിയും ഇക്കാര്യത്തിൽ നമുക്ക് മാതൃകയാക്കാവുന്നതാണ്.

## C-Hed

നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന 'സെന്റർ ഫോർ ഹെറിറ്റേജ് എൻവയർമെന്റ് ആന്റ് ഡെവലപ്മെന്റ് ഓഫ് കൊച്ചിൻ' (C-Hed) എന്ന സംഘടന കൊച്ചിയുടെ പൈതൃകമേഖലകളെക്കുറിച്ചും ചരിത്രസ്മാരകങ്ങളെക്കുറിച്ചും വിപുലമായ പഠനങ്ങൾ നടത്തിവരികയാണ്. ജനോറം പദ്ധതിയുടെ കീഴിൽ പൈതൃകപദ്ധതി ആയി ബ്രോഡ്‌വേ നവീകരണത്തിനുള്ള സമഗ്രമായ പരിപാടികൾ ആവിഷ്ക്കരിച്ചത് C-Hed ആണ്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഈ വർഷം നടപടി സ്വീകരിക്കുന്നതാണ്. C-Hed ന്റെ പ്രവർത്തനത്തിന് ഈ വർഷം 30 ലക്ഷം രൂപ വകയിരുത്തുന്നു.

## ദാരിദ്ര്യനിർമ്മാർജ്ജനം

ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെ പ്രധാന ഘടകമാണ് ചേരിപരിഷ്ക്കരണം. UPAD പദ്ധതി മുതൽ നിരവധി പദ്ധതികൾ ഇതിനുവേണ്ടി ആവിഷ്ക്കരിച്ചെങ്കിലും ചേരികൾ അതേപടി നിലനിൽക്കുകയും അസഹനീയമായ ജീവിതസാഹചര്യങ്ങൾ ആയിരക്കണക്കിന് ആളുകൾ പ്രാഥമിക സൗകര്യങ്ങൾക്കുപോലും സൗകര്യമില്ലാതെ ഞെരുങ്ങുകയാണ്. ഇതിന് മാറ്റം വരേണ്ടതുണ്ട്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ പേരിലുള്ള നഗരനവീകരണ പദ്ധതി ഏറെ പ്രതീക്ഷയോടെയാണ് പിന്നോക്ക പ്രദേശങ്ങളിലെ ജനങ്ങൾ സ്വാഗതം ചെയ്തതെങ്കിലും അവരുടെ ജീവിതത്തെ സ്പർശിക്കാതെ പദ്ധതികളുടെ കാലാവധി തീരുകയാണ്.

ഐക്യരാഷ്ട്രസംഘടനയുടെ ഘടകമായ UNESCO കൊച്ചി നഗരസഭയുമായുള്ള സഹകരണ പദ്ധതിയിൽ മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി പൈതൃക മേഖലയെ ലോകപൈതൃക നഗരങ്ങളുടെ പട്ടികയിലേക്ക് ഉയർത്തുന്നതിന് രണ്ടു ഘട്ടങ്ങളിലായി അന്തർദേശീയ വിദഗ്ധ

രുടെ സഹകരണത്തോടെ രൂപപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി പ്രദേശത്തെ പാർപ്പിടങ്ങൾ ഉൾപ്പെടെ ജീവിതസാഹചര്യങ്ങൾ പൂർണ്ണമായി മെച്ചപ്പെടുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ചരിത്ര-പൈതൃകത്തിലൂന്നിയ വികസന സംവിധാനം മുന്നോട്ട് കൊണ്ടുപോകുന്നതിന് സംസ്ഥാന ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിരിക്കുന്നത് സ്വാഗതാർഹമാണ്. ഈ പദ്ധതിയ്ക്ക് ആവശ്യമായ എല്ലാ പിന്തുണയും ലഭ്യമാക്കുന്നതായിരിക്കും.

## ഭരണനിർവ്വഹണം സുഗമമാക്കാൻ

നഗരസഭയുടെ 74-ാം ഭേദഗതിയെ തുടർന്ന് ജനങ്ങൾക്ക് ലഭ്യമാക്കാൻ നിരവധി സേവനങ്ങൾ നഗരസഭയുടെ പ്രവർത്തനപരിധിയിലേക്ക് കൈമാറുകയുണ്ടായി. ഇവ നടപ്പാക്കുവാൻ ആവശ്യമായ സാമ്പത്തിക വിഭവങ്ങളും കുറെയൊക്കെ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇവ നടത്തിക്കൊണ്ടുപോകാനുള്ള ഉദ്യോഗസ്ഥരേയും അധികാരികളേയും ഇപ്പോഴും ലഭ്യമാക്കിയിട്ടില്ല. അതിനാൽത്തന്നെ മേൽ പ്രവർത്തികൾ വിജയകരമായി നടത്തുവാൻ നഗരസഭയ്ക്കു കഴിയാതെ വരുന്നുവെന്ന സത്യം അറിയിക്കുന്നു.

സാമൂഹ്യ പെൻഷനുകളും അംഗനവാടികളും ICDS പദ്ധതി, കുടുംബശ്രീ, BSUP മുതലായ സുപ്രധാനങ്ങളായ സാമൂഹ്യപ്രസക്തിയുള്ള പദ്ധതികൾ നിർവ്വഹിക്കുന്നതിന്റെ മേൽനോട്ടം വഹിക്കുവാൻ ഒരു സോഷ്യൽ വെൽഫെയർ ഓഫീസേഴ്സിന്റെ തസ്തിക സാമൂഹ്യക്ഷേമവകുപ്പ് നഗരസഭയ്ക്ക് വിട്ടുതരേണ്ടതാണ്. നിലവിൽ ഒരു വെൽഫെയർ ഓഫീസർ ഇല്ലാത്തതിനാൽ പദ്ധതികൾ നല്ല നിലയിൽ പ്രവർത്തിക്കുവാൻ ഏറെ പ്രയാസപ്പെടുകയാണ്.

നാൽപ്പതിനായിരത്തിലേറെ വഴിവിളക്കുകളും, വലുതും ചെറുതുമായ ആയിരത്തോളം കെട്ടിടങ്ങളും കടമുറികളും സ്വന്തമായുള്ള നഗരസഭയ്ക്ക് ഇതിന്റെയെല്ലാം പരിപാലനം നടത്തുന്നതിന് ഒരു ഇലക്ട്രിക്കൽ സൂപ്പർവൈസർ മാത്രമാണ് നിലവിലുള്ളത്. പൂർണ്ണതോതിൽ വിജയകരമായി കാര്യങ്ങൾ നടപ്പാക്കുന്നതിന് ഒരു ഇലക്ട്രിക്കൽ എൻജിനീയറുടെ സേവനം നഗരസഭയ്ക്ക് അനിവാര്യമാണ്.

പലതരത്തിലുള്ള 100 ലേറെ വാഹനങ്ങൾ സ്വന്തമായുള്ള നഗരസഭയ്ക്ക് ഇവ പരിപാലിക്കാനുള്ള വർക്ക്ഷോപ്പോ, മെക്കാനിക്കോ ഒരു ഓട്ടോ മൊബൈൽ എൻജിനീയറോ ഇല്ലാത്തതിനാൽ ചെറിയ കേടുകൾ പോലും പരിഹരിക്കുവാൻ മാസങ്ങൾപോലും എടുക്കുന്ന സ്ഥിതിയാണ്. ഇത് മാറ്റുന്നതിന് ഓട്ടോമൊബൈൽ എൻജിനീയേഴ്സ് തസ്തിക അനുവദിച്ചു കിട്ടുവാൻ ആവശ്യപ്പെടുന്നതാണ്.

നഗരസഭയുടെ പ്രാഥമിക ചുമതലകളിൽ ഏറ്റവും പ്രധാനം മാലിന്യസംസ്ക്കരണമാണ്. ദ്രവ-ഖര മാലിന്യങ്ങളുടെ സംസ്ക്കരണം ഇന്ന് ഒരു ഡോക്ടറുടെ കീഴിലാണ്. ഈ മേഖലയിൽ വിജയകരമായി പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ ഒരു Environment Engineer -ടെ സേവനം ആവശ്യമാണ്. ഈ തസ്തിക അനുവദിച്ചുകിട്ടുന്നതിന് നടപടി സ്വീകരിക്കും.

നിലവിലുള്ള ഉദ്യോഗസ്ഥന്മാരിൽ വെറ്റിനറി ഡോക്ടർമാർ, എൻജിനീയർമാർ, ലൈബ്രേറിയന്മാർ, സർവേയർമാർ മുതലായി നിരവധി തസ്തികകളിൽ ആളില്ലാതെ വർഷങ്ങളായി സ്തംഭനാവസ്ഥയിലാണ്. ഇതിന് ഉടൻ പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

## വെള്ളക്കെട്ട്

കായലുകളും തോടുകളും സവിശേഷമായുള്ള ഒരു കടൽത്തീര നഗരമാണ് കൊച്ചി. ദിവസേനയുണ്ടാകുന്ന വേലിയേറ്റവും, ഇറക്കവും ഈ ജലാശയങ്ങളെ ബാധിക്കുന്നു. വേലിയേറ്റമുള്ള സന്ദർഭങ്ങളിൽ മഴ പെയ്താൽ വെള്ളമൊലിച്ചുപോകുന്നതിന് താമസം നേരിടുന്നു. ഈ പ്രതിഭാസം നാം അനുഭവിക്കുവാൻ തുടങ്ങിയിട്ട് കുറച്ചുകാലമായി. എല്ലാ തീരദേശ നഗരങ്ങളുടെയും പൊതുസ്വഭാവമാണിതെങ്കിലും പല നഗരങ്ങളും ഇതിന് ശാസ്ത്ര സാങ്കേതിക വിദ്യ ഉപയോഗിച്ച് പരിഹാരമുണ്ടാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ പഠനങ്ങൾ നടത്തി ശാശ്വതപരിഹാരം കണ്ടെത്തുന്നതാണ്. നഗരത്തിൽ നിലവിലുള്ള കാനകളുടെയും തോടുകളുടെയും ഭൂപടം തയ്യാറാക്കി ക്ലാസിഫൈ ചെയ്ത് പട്ടികതയ്യാറാക്കി സ്ഥിരമായ പരിപാലനത്തിന് പരിപാടി തയ്യാറാക്കും. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന എസ്റ്റീം ഡവലപ്പേഴ്സ് തയ്യാറാക്കി നഗരമധ്യത്തിലെ കാനനിർമ്മാണം സമയബന്ധിതമായി തീർത്ത് സെൻട്രൽ സിറ്റിയിലെ വെള്ളക്കെട്ടിന് ശാശ്വതപരിഹാരം നേടും.

## തീരദേശമേഖല

കൊച്ചി നഗരത്തിന് മൊത്തം 6 കി.മീ. കടൽത്തീരമുള്ളതിൽ 3 കിലോമീറ്ററോളം ഇന്ത്യൻ നേവിയുടെ നിയന്ത്രണത്തിലാണ്. നിലവിലുണ്ടായിരുന്ന 100 കണക്കിന് ഏക്കർ കടൽപ്പുറം പൂർണ്ണമായി കടലെടുത്തു പോകുകയും തീരം പൂർണ്ണമായും ഭീമമായ കടൽഭിത്തിയുടെ സംരക്ഷണത്തിലുമാണ്. മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിന് രണ്ടു പ്രധാന വള്ളക്കടവുകളാണ് അവശേഷിക്കുന്നത്. ഇതിൽ മാനാശ്ശേരി വള്ളക്കടവിൽ വികസനത്തിന് 18 സെന്റ് സ്ഥലം നഗരസഭ വിലകൊടുത്ത് ഈ വർഷം വാങ്ങുകയുണ്ടായി. 8 സെന്റ് സ്ഥലം കൂടി ഉടനെ വാങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവിടെ പുലിമുട്ടുകൾ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കണമെന്ന ആവശ്യം കേന്ദ്ര സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ നടപ്പാക്കും.

KSUDP പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളി വിഭാഗങ്ങളുടെ സാമൂഹ്യ ഉന്നമനത്തിന് രണ്ട് കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരികയാണ്.

## ജനകീയാസൂത്രണം

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ജനകീയാസൂത്രണ പദ്ധതി ഈ വർഷം നഗരസഭയ്ക്ക് പൊതുവിഭാഗത്തിൽ 25 കോടി രൂപയും പ്രത്യേക ഘടകപദ്ധതി 11 കോടി രൂപയും മെയിന്റനൻസ് ഫണ്ട് ഇനത്തിൽ 16 കോടി 55 ലക്ഷം രൂപയുമാണ് ലഭ്യമായിട്ടുള്ളത്. ഈ തുകകൾ നഗരസഭ കൗൺസിൽ ജനപങ്കാളിത്തത്തോടെ രൂപം നൽകിയിട്ടുള്ള പദ്ധതികൾ സമയബന്ധിതമായിട്ട്തന്നെ പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കഴിഞ്ഞ 5 വർഷമായി നഗരസഭയുടെ പദ്ധതി നിർവ്വഹണത്തിനായി ഒരു പദ്ധതി Co-ordinator ടെ അഭാവം ഏറെ പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പുതിയ പ്ലാൻ കോ-ഓർഡിനേറ്ററെ കിട്ടുന്നതിനായി കൗൺസിൽ അംഗീകാരപ്രകാരം ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കൊതുകുനശീകരണം

കൊതുകുശല്യത്തിൽനിന്നും നഗരവാസികളെ മോചിപ്പിക്കുന്നതിന് ബഹുമുഖ പദ്ധതികൾ ആവിഷ്ക്കരിക്കും. അഴുക്കുചാൽ ശുദ്ധീകരണം, മരുന്നുതളിക്കൽ, ഫോഗിംഗ്,

കടൽവെള്ളം ഉപയോഗിച്ച് ഫ്ളഷിംഗ് ഈ പ്രവർത്തനത്തിനായി കോർപ്പറേഷൻ അതിർത്തിയിലുള്ള പൊതുമേഖലാ സ്വകാര്യസ്ഥാപനങ്ങളെയും സഹകരിപ്പിച്ച് പ്രവർത്തനം ഏകോപിപ്പിക്കും.

## ഡിസാസ്റ്റർ മാനേജുമെന്റ്

പ്രകൃതിദുരന്തങ്ങളും സന്നിഗ്ദ്ധഘട്ടങ്ങളുണ്ടാകുമ്പോഴും കനത്ത മഴ അനുഭവപ്പെടുമ്പോഴും പ്രശ്നപരിഹാരത്തിനായും ഇടപെടാൻ വിദഗ്ദ്ധരടങ്ങുന്ന ടീമുകളെ സോണൽ അടിസ്ഥാനത്തിൽ തയ്യാറാക്കി പ്രവർത്തനം ഏകോപിപ്പിക്കും. കനത്തമഴയും കാറ്റും വരുമ്പോൾ തണൽമരങ്ങൾ മറിഞ്ഞ് തടസ്സവും അപകടവും ഉണ്ടാകുന്നത് ഒഴിവാക്കുവാനായി വൃക്ഷക്കൊമ്പുകൾ പ്രൂൺ ചെയ്ത് സംരക്ഷിക്കും.

## സ്ത്രീശാക്തീകരണം

ഭരണരംഗത്ത് വനിതകൾക്ക് ഗണ്യമായ പ്രാതിനിധ്യം ലഭിച്ചിരിക്കുന്ന സന്ദർഭത്തിൽ കാലാനുസൃതമായ പദ്ധതികൾ ആവിഷ്ക്കരിച്ച് വനിതകളെ പൊതുപ്രവർത്തന രംഗത്ത് കൂടുതൽ സജീവമാക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കും. സ്ത്രീകളോടുള്ള വിവേചനം അവസാനിപ്പിക്കുവാനും അവർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അവസാനിപ്പിക്കുവാനും ഉതകുന്ന വിധത്തിൽ ബന്ധപ്പെട്ട ഏജൻസികളുമായി ചേർന്ന് പ്രവർത്തിക്കും. നഗരത്തിൽ വരുന്ന വനിതകൾക്കായി നൈറ്റ് ഷെൽട്ടറുകൾ, ഹ്രസ്വതാമ സൗകര്യങ്ങൾ എന്നിവ സ്ഥാപിക്കും.

## ക്ഷേമപ്രവർത്തനങ്ങൾ

നഗരസഭയുടെ പള്ളുരുത്തി റിലീഫ് സെറ്റിൽമെന്റും അതിന്റെ അനുബന്ധ സ്ഥാപനങ്ങളായ സ്നേഹഭവൻ, പ്രത്യാശാഭവൻ, വാത്സല്യഭവൻ, ഗുഡ്ഹോപ്പ്, തെരുവുകുട്ടികൾക്കുള്ള നൈറ്റ് ഷെൽട്ടർ, സ്ത്രീകൾക്കുള്ള ഷോർട്ട് സ്റ്റേ ഹോം, വികലാംഗ വനിതാമന്ദിരം, വൃദ്ധസദനം മുതലായവ നേരിട്ടും സന്നദ്ധസംഘടനകളുടെ സഹകരണത്തോടും നടത്തിവരുന്ന സാമൂഹ്യസേവന സ്ഥാപനങ്ങൾ, നഗരസഭയുടെ അദൃശ്യം, എന്നാൽ ഉദാത്തമായ ഇത്തരം സേവനപ്രവർത്തനങ്ങളാണ്. ഇതിന് നിർലോഭമായ സഹകരണം തരുന്ന നഗരസഭാംഗങ്ങ

ളോട് കടപ്പെട്ടിരിക്കുന്നു. കൂടാതെ ആശ്രയാപദ്ധതിയിൽ വീടുകളിൽ ഒറ്റപ്പെട്ട് കഴിയുന്ന നിരാലംബരായ ആളുകളെ കണ്ടെത്തി അവർക്ക് ചികിത്സയും ഭക്ഷണവും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കിവരുന്നു.

ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കും വികലാംഗരായ കുട്ടികൾക്കും സ്കോളർഷിപ്പും ഉപകരണങ്ങളും വൈദ്യസഹായവും ലഭ്യമാക്കുന്നതിനുള്ള പരിപാടികൾ വിവിധ പദ്ധതികളുടെ കീഴിൽ നടത്തിവരുന്നു.

## ലാന്റ് ബാങ്ക്

പുറമ്പോക്കുകളിൽ അധിവസിക്കുന്നവർക്കും മറ്റു ഭവനരഹിതർക്കും ഇ.എം.എസ്. ഭവനപദ്ധതിപ്രകാരമുള്ള അപേക്ഷകർക്കും ഉപയുക്തമാകുന്ന രീതിയിൽ നഗരപ്രാന്തങ്ങളിലുള്ള ഭൂമി സർക്കാർ ഏജൻസികളിൽനിന്നോ സ്വകാര്യവ്യക്തികളിൽനിന്നോ ഏറ്റെടുത്ത് ഇതിനായി ഉപയോഗിക്കും.

## നിഷ്ക്രിയ ആസ്തികൾ

കോർപ്പറേഷൻ വക ഉപയോഗശൂന്യമായി കിടക്കുന്ന സ്വത്തുക്കൾ കണ്ടെത്തുകയും അവയെ ഫലപ്രദമായി ഉപയോഗിച്ച് വരുമാന സ്രോതസുകളാക്കും.

## മാർക്കറ്റുകൾ നവീകരിക്കും

നഗരസഭയുടെ കീഴിലുള്ള വിവിധ മാർക്കറ്റുകൾ, കേന്ദ്രസംസ്ഥാന സർക്കാരുകളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി മികവുറ്റതാക്കും. എറണാകുളം മാർക്കറ്റ്, തേവര, ചമ്പക്കര, പോളക്കണ്ടം എന്നിവ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (NFDB) ന്റെ സഹായത്തോടുകൂടി നിലവാരം ഉയർത്തും.

## പൊതു ടോയ്ലെറ്റുകൾ

നഗരത്തിൽ അനുയോജ്യമായ സ്ഥലം ലഭിക്കുന്നതിനനുസരിച്ച് ഇ-ടോയ്ലെറ്റുകൾ ഉൾപ്പെടെ പേ ആന്റ് യൂസ് ടോയ്ലറ്റുകൾ സ്ഥാപിക്കും.

## കുടുംബശ്രീ

നഗരസഭയുടെ വിവിധ പദ്ധതികൾ പ്രയോജനപ്പെടുത്തി നൂറുകണക്കിന് സാധാരണക്കാരായ സ്ത്രീകൾക്ക് ഉപജീവനമാർഗ്ഗം കണ്ടെത്തുവാൻ കഴിഞ്ഞു എന്നത് വലിയ നേട്ടമാണ്. KSUDP പദ്ധതി പ്രയോജനപ്പെടുത്തി കുടുംബശ്രീ ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുകയും ഒരു ബ്രാൻഡിൻ കീഴിൽ കൊണ്ടുവന്ന് വിപണന സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുന്നതാണ്.

## ശ്മശാനങ്ങൾ

കൊച്ചി നഗരസഭയുടെ കീഴിലുള്ള എല്ലാ പൊതുശ്മശാനങ്ങളും കാലോചിതമായി നവീകരിക്കും. അതിന്റെ ആദ്യപടിയായി രവിപുരം ശ്മശാനം റോട്ടറി ക്ലബ്ബിന്റെ സഹായസഹകരണത്തോടുകൂടി ആധുനികവൽക്കരിക്കും. ഇതേ മാതൃക മറ്റു ശ്മശാനങ്ങളുടെ കാര്യത്തിലും അവലംബിക്കും.

ഇവിടെ പ്രസ്താവിച്ചതെല്ലാം യാഥാർത്ഥ്യമാക്കുക എന്ന വെല്ലുവിളി ഏറ്റെടുക്കുവാൻ കക്ഷി രാഷ്ട്രീയ ഭേദമന്യേ എല്ലാ അംഗങ്ങളുടെയും അതിലുപരി കൊച്ചിയിലെ പ്രബുദ്ധരായ ജനങ്ങളുടെയും സമ്പൂർണ്ണ സഹകരണം അത്യന്താപേക്ഷിതമാണ്.

അതിനു സാധ്യമായാൽ നമ്മുടെ നഗരം വികസനത്തിന്റെ ആഗോള മാതൃയാകും. രാജകീയ പ്രതാപത്തിന്റെ ഗതകാല സ്മരണകൾ ഉറങ്ങിക്കിടക്കുന്ന ഈ നഗരത്തിന്റെ ഹൃദയാന്തരങ്ങളിൽ ഒരായിരം സൂര്യകാന്തി പൂക്കൾ പുഷ്പിക്കും. അത് നോക്കി സൂര്യൻ പുഞ്ചിരിക്കും. ആ നല്ല നാളേക്കായി നമുക്ക് കൈകോർക്കാം.

## നന്ദി

ഈ പ്രസംഗം അവസാനിപ്പിക്കുന്നതിന് മുൻപ് ഞങ്ങൾക്ക് കലവറയില്ലാതെ നന്ദി പറയേണ്ട ഒട്ടേറെ പേരുണ്ട്. കേന്ദ്രമന്ത്രി പ്രൊഫ. കെ.വി. തോമസ്, സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക്, സംസ്ഥാന തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി ശ്രീ. പാലൊളി മുഹമ്മദ്കുട്ടി, എം.എൽ.എ. മാരായ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ,

ശ്രീ. കെ. ബാബു, ശ്രീ. സി.എം. ദിനേശ് മണി, ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് കൂടാതെ, വകുപ്പ് മേധാവികളായ ഗവൺമെന്റ് സെക്രട്ടറിമാർ, നഗരസഭാ സെക്രട്ടറി, വിവിധ വകുപ്പു മേധാവികൾ എന്നിവർ ഈ നഗരസഭാ സാരഥ്യത്തിനു നൽകിയ നിസ്വാർത്ഥമായ സഹകരണങ്ങൾ അതീവ നന്ദിയോടെ അനുസ്മരിക്കുന്നു. നഗരസഭയിലെ കൗൺസിലർമാർ കക്ഷി ഭേദമെന്യേ നൽകിയ സഹകരണവും, ഉദ്യോഗസ്ഥരുടെയും നഗരസഭയുമായി ബന്ധപ്പെട്ട നിരവധി ഏജൻസികളുടേയും നിർലോഭമായ പിന്തുണയും നർദേശങ്ങളും ഞങ്ങൾ നന്ദിയോടെ ഇവിടെ രേഖപ്പെടുത്തട്ടെ. നഗരത്തിന്റെ വികസനത്തിന് വേണ്ടി എല്ലാക്കാലവും സജീവ പിന്തുണ നൽകുന്ന മാധ്യമങ്ങളോടും ഞാൻ നന്ദി പ്രകാശിപ്പിക്കട്ടെ.

സ്നേഹാദരങ്ങളോടെ,

നികുതി- ധനകാര്യ അക്കൗണ്ട്സ്
സ്റ്റാന്റിംഗ് കമ്മിറ്റിക്കുവേണ്ടി,

**ചെയർപേഴ്സൺ**

**ഭദ്ര ബി.**
**ഡെപ്യൂട്ടി മേയർ**

കൊച്ചി- 11
26.02.2011